**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 14** **07-06-2021 - ൽ മറുപടിയ്ക്ക്**

**വനിത-ശിശു ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി. മമ്മിക്കുട്ടി | | **Smt Veena George**<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | വനിതകളുടെയും ശിശുക്കളുടെയും ക്ഷേമത്തിനായി സംസ്ഥാനത്ത് നിലവിലുള്ള പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | വനിതകളുടെയും ശിശുക്കളുടെയും ക്ഷേമത്തിനായി സംസ്ഥാനത്ത് നിലവിലുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. സംയോജിത ശിശു വികസന പദ്ധതി 2. നാഷണൽ ക്രഷ് സ്കീം 3. കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള പദ്ധതികൾ (SAG) 4. പ്രധാനമന്ത്രി മാതൃ വന്ദന യോജന (PMMVY) 5. സൈക്കോ സോഷ്യൽ സർവ്വീസസ് 6. ആദ്യ 1000 ദിന പരിപാടി 7. നാഷണൽ ന്യൂട്രീഷ്യൻ മിഷൻ (NNM) വനിതകൾക്കായുള്ള പദ്ധതികൾ 1. അഭയ കിരണം 2. മംഗല്യ 3. സഹായഹസ്തം 4. പടവുകൾ 5. വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി 6. അതിജീവിക 7. പൊൻവാക്ക് 8. കാതോർത്ത് പദ്ധതി 9. രക്ഷാദൂത് 10. വൺ സ്റ്റോപ്പ് സെന്റർ 11. സ്വയം തൊഴിൽ വായ്പാ പദ്ധതി. 12. മിത്ര 181 13. ഷീ പാഡ് പദ്ധതി 14. വിധവകൾക്ക് വേണ്ടിയുള്ള സംരംഭകത്വ വികസന പരിശീലനം 15. വനമിത്ര (ആദിവാസി വനിതാ വികസന പദ്ധതി) 16. വനമിത്ര കേന്ദ്രം വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ 17. ബോധ്യം - പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗാവബോധ പരിശീലന പരിപാടി. 18. ആർത്തവ ശുചിത്വ അവബോധ പരിപാടി. 19. സേഫ് സ്റ്റേ 20. വിമൻ സെൽ ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികൾക്കുള്ള പദ്ധതികൾ (സംയോജിത ശിശു സംരക്ഷണ പദ്ധതി) 1. ദത്തെടുക്കൽ 2. സ്പോൺസർഷിപ്പ് 3. ഫോസ്റ്റർ കെയർ 4. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC) 5. കാവൽ 6. സനാഥബാല്യം (പോറ്റി വളർത്തൽ) 7. വിജ്ഞാനദീപ്തി 8. ഡി-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ 9. ആഫ്റ്റർ കെയർ 10. കാവൽ പ്ലസ്സ് – ശരണബാല്യം 11. ബാലനിധി ലൈംഗിക ചൂഷണത്തിന് വിധേയരാകുന്ന |

| | | | |
|---|---|---|---|
| | | | കുട്ടികൾക്കുള്ള പദ്ധതികൾ 1. ആശ്വാസനിധി 2. ലൈഗികാതിക്രമം അതിജീവിച്ച കുട്ടികളുടെ സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതി. ഇവ കൂടാതെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന വനിതകളുടെയും, ശിശുക്കളുടെയും ക്ഷേമത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. സ്നേഹപൂർവ്വം പദ്ധതി - മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരുമോ മരണമടഞ്ഞ നിർദ്ധനരായ കുടുംബങ്ങളിലെ കുട്ടികളെ അനാഥാലയങ്ങളിൽ പ്രവേശിപ്പിക്കാതെ അവരെ സ്വഭവനങ്ങളിൽ അല്ലെങ്കിൽ ബന്ധുഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുക എന്ന ഉദ്ദേശത്തോടെ സർക്കാർ, സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് സ്നേഹപൂർവ്വം പദ്ധതി. 2. താലോലം പദ്ധതി 18 വയസ്സുവരെ പ്രായമുള്ള മാരകരോഗ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ അനുവദിക്കുന്ന പദ്ധതിയാണ് താലോലം. 3. ക്യാൻസർ സുരക്ഷാ പദ്ധതി 18 വയസ്സുവരെ പ്രായമുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണിത്. 4. ശ്രുതിതരംഗം പദ്ധതി സംസ്ഥാനത്തെ 5 വയസ്സുവരെ പ്രായമുള്ള കേൾവിക്കുറവുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനും നൽകുന്ന പദ്ധതിയാണ് ശ്രുതിതരംഗം. 5. മിഠായി പദ്ധതി സാമൂഹ്യ നീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി ടൈപ്പ് 1 പ്രമേഹം ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും പരിചരണം നൽകുന്നതിന് ആരംഭിച്ച സമഗ്ര സാമൂഹ്യാധിഷ്ഠിത പദ്ധതിയാണ് മിഠായി. 6. സ്നേഹസ്പർശം പദ്ധതി ചൂഷണത്തിന് വിധേയരായി, അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്ന സ്ത്രീകളുടെ പുനരധിവാസത്തിനും ക്ഷേമത്തിനും വേണ്ടിയാണ് സർക്കാർ കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന സ്നേഹസ്പർശം പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ബി) | സംസ്ഥാനത്തെ പൂർണ്ണമായും ബാലസൗഹൃദമാക്കി മാറ്റുന്നതിനും കുട്ടികളുടെ ക്ഷേമം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയവ ഉറപ്പാക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള ബാലനിധി പദ്ധതിയുടെ വിശദാംശം നൽകുമോ; | (ബി) | 2015 ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമ പുനരധിവാസം, സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിനുവേണ്ടി സർക്കാർ ഉത്തരവ് നം. 730/2017/സാനീവ തീയതി. 01.11.2017ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ബാലനിധി രൂപീകരിച്ചു. ടി പദ്ധതിയുടെ ഭാഗമായി എല്ലാ വർഷവും 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപ അനുവദിച്ചു വരുന്നു. സംരക്ഷണവും കരുതലും ആവശ്യമായി വരുന്ന നിരവധി കുട്ടികൾ നമുക്കിടയിലുണ്ട്. അവരെ സഹായിക്കാനും |

| | | | |
|---|---|---|---|
| | | | മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനും സർക്കാർ നിരവധി പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇവ നടപ്പിലാക്കാൻ സാമ്പത്തിക ബുദ്ധിമുട്ടുകൾ പലപ്പോഴും വിലങ്ങുതടിയാകാറുണ്ട്. ഇത് മറികടക്കാൻ സുമനസ്സുകളുടെ സഹായം സ്വീകരിക്കാൻ സർക്കാർ തീരുമാനിക്കുകയും ബാലനിധി എന്ന പേരിൽ ഒരു അക്കൗണ്ട് തുടങ്ങുകയും ഉണ്ടായി. പ്രസ്തുത അക്കൗണ്ട് കൂടുതൽ പ്രചരിപ്പിക്കാനും ഓൺലൈനായി സംഭാവനകൾ സ്വീകരിക്കാനുമായി ബാലനിധി എന്ന പേരിൽ ഒരു പോർട്ടൽ തയ്യാറാക്കുകയും SBI യുമായി സഹകരിച്ച് ട്രാൻസാക്ഷൻ ഫീ ഒഴിവാക്കി പേയ്മെന്റ് ഇന്റഗ്രേഷൻ സാധ്യമാക്കിയിട്ടുണ്ട്. ഇൻവിസി മൾട്ടി മീഡിയ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സാമൂഹ്യ പ്രതിബദ്ധതാ ഉദ്ധ്യമം (CSR) പ്രകാരമാണ് പ്രസ്തുത പോർട്ടൽ തയ്യാറാക്കിയിട്ടുള്ളത്. സെക്യൂരിറ്റി ഓഡിറ്റ് സർട്ടിഫിക്കേഷൻ നടപടികൾ കേരള ഐ.റ്റി.മിഷന്റെ സഹായത്തോടെ പൂർത്തിയാക്കിയിട്ടുണ്ട്. ഓൺലൈനായി സംഭാവനകൾ സ്വീകരിക്കാനുള്ള പ്രവർത്തികൾ പൂർത്തിയായി പോർട്ടൽ പൊതുജനങ്ങൾക്ക് പ്രാപ്യമായ രീതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. ബാലനിധി പോർട്ടൽ വഴി ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ സഹായിക്കുന്നതിനായി കൂടുതൽ ധനശേഖരണം നടത്തുന്നതിനും കുട്ടികളുടെ ആരോഗ്യം വിദ്യാഭ്യാസം സുരക്ഷ എന്നീ മേഖലകളിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും അതിലൂടെ മികച്ച ശിശു സംരക്ഷണ സംവിധാനം രൂപപ്പെടുത്തുന്നതിനും സാധിക്കുകയും ചെയ്യും. |
| (സി) | അശരണരായ വിധവകൾക്കായി നടപ്പാക്കി വരുന്ന അഭയകിരണം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | അശരണരായ വിധവകൾക്ക് അഭയവും സംരക്ഷണവും നൽകുന്ന അഭയകിരണം പദ്ധതി 2017-18 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സ്വന്തമായി വീടോ, സ്ഥിരവരുമാനമോ ഇല്ലാത്തതും, അഭയസ്ഥാനമില്ലാതെ കഴിയുന്നതുമായ വിധവകൾ, ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം ആയവർ എന്നിവരുടെ ജീവിതം മെച്ചപ്പെടുത്തുക അവരുടെ സംരക്ഷണം ഉറപ്പു വരുത്തുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഈ വിഭാഗക്കാരെ സംരക്ഷിക്കുന്ന ബന്ധുവിന് പ്രതിമാസം 1,000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. സംരക്ഷിക്കപ്പെടുന്ന വിധവകൾ 50 വയസ്സിന് മുകളിൽ പ്രായമുള്ളവരായിരിക്കണം. വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. സർവ്വീസ് പെൻഷൻ കൈപ്പറ്റുന്നവരാകരുത്. |

| | | | |
|---|---|---|---|
| | | | പ്രായപൂർത്തിയായ മക്കൾ ഉള്ളവരാകരുത്. താമസിക്കുന്നതിന് സ്വന്തമായി ചുറ്റുപാടോ, സൗകര്യമോ ഉള്ളവരാകരുത്. ഏതെങ്കിലും സ്ഥാപനത്തിൽ താമസക്കാരിയായി കഴിയുന്നവരാകരുത്. വിധവയെ സംരക്ഷിക്കുന്ന അപേക്ഷകർ ക്ഷേമ പെൻഷനോ, വകുപ്പ് നടപ്പിലാക്കി വരുന്ന മറ്റു ധനസഹായമോ ലഭിക്കുന്നവരാകരുത്. |

സെക്ഷൻ ഓഫീസർ